## N.M.A.L.P. SCHOOL - K.PURAM

# Academic Master Plan

6

2025



Follow us on facebook

Follow me on Instagram

@NMALPSKPURAM

nmalps@gmail.com

# Academic Master Plan

## ആമുഖം

'' ലോകത്തെ ശരിയായ രീതിയിൽ മാറ്റം വരുത്താൻ കഴിയുന്ന മികച്ച ആയുധമാണ് വിദ്യാഭ്യാസം.''

നെൽസൺ മണ്ടേലയുടെ പ്രസിദ്ധമായ ഈ വാക്കുകൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് മികച്ച വിദ്യ നൽകേണ്ടതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ഈ പ്രാധാന്യത്തെ ഉൾക്കൊള്ളേണ്ടത് അധ്യാപകരായ നമ്മുടെയും കടമയാണ്. ലോകം ഒരു ചെറിയ ഗ്രാമതോളം ചുരുങ്ങിയ ഇന്ന് നമ്മുടെ കുട്ടികളെയും ലോകനിലവാരത്തിലേക്ക് എത്തിക്കണം. അതിനായി ഓരോ കുട്ടിയുടെയും നൈപുണികളും, മൂല്യങ്ങളും, വികസിപ്പിച്ച അവരെ വിദ്യാലയത്തിന്റെ വരദാനങ്ങൾ ആക്കേണ്ടത് ലക്ഷ്യം വച്ചു കൊണ്ട് ഈ മാസ്റ്റർപ്ലാൻ നമുക്ക് സമർപ്പിക്കാം.

## ലക്ഷ്യം

" യഥാർത്ഥ അധ്യാപകൻ ഒരിക്കലും പുസ്തകങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഉപകരണമോ മുൻകൂട്ടി നിർമിച്ച ജീവനില്ലാത്ത അക്കാദമിക സാമഗ്രികളുടെ വാഹനമോ ആകരുത്. യഥാർത്ഥ ചിന്തയിലേക്കും, ഭാവനയിലേക്കും,വിധി പറയലിലേക്കും കുട്ടിയുടെ മനസ്സിനെ ചലനാത്മകമാക്കുന്നതിലാണ് അദ്ദേഹത്തിന്റെ മൂല്യം."

പാഠപുസ്തകങ്ങൾക്കപ്പുറം പഠനപ്രവർത്തനത്തെ വികസിപ്പിക്കുകയും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രക്രിയ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ പഠനം എന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും നിന്നുകൊണ്ടാണ് ഈ പദ്ധതി ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

- ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികളും നൈപുണികളും ധാരണകളും അതതു ക്ലാസുകളിൽ നിന്നു തന്നെ പരമാവധി നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തും.
- എല്ലാം കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കും
- ക്ലാസ് മുറികളിൽ I C T അധിഷ്ഠിത ക്ളാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- പഠനം ആകർഷകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ ഉറപ്പുവരുത്തും.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും.
- അധ്യാപനം ഉന്നത നിലവാരത്തിലെത്തിക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ബഹുഭാഷാ ആശയവിനിമയം ഉറപ്പുവരുത്തും.

- ഓരോ കുട്ടിയും പരിസ്ഥിതി സൗഹൃദ സമീപനം വെച്ചുപുലർത്തുന്നവരും.

- സ്കൂൾ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തും.

- പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.

- പുകവലി മദ്യം മയക്കുമരുന്ന് എന്നിവയുടെ ദോഷവശങ്ങളിൽ ബോധവാനായ കുട്ടിയിലൂടെ - വീടിനെ -സമൂഹത്തെ ബോധവൽക്കരിക്കും.

- കാർഷിക സംസ്കാരം, മാലിന്യ നിർമ്മാർജ്ജന സംസ്കാരം എന്നിവ വളർത്തിയെടുക്കും.

- അച്ചടക്കം, നല്ല ശീലങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്തും.

nmalps@gmail.com

# English Blossom - Academic Master Plan

## Introduction

The english language is the most common language around the world. It is no loger just a library language but a language of opportunities. Methods of learning english are highly variable , depending on the student's level of english proficiency and the manner and setting in which they are taught, which can range from required classes in school to self - directed study at home, or a blended combination of both.

Goal: Help children learn to listen, speak, read and write in English in a fun and easy way.

## Important activities

Word of the day, English corner, news paper reading, assembly, english day, thought of the day, simple stories, class room talks, English fest , English day for teachers etc.....

## June

Listening, speaking, songs, greetings, simple classroom talks, word of the day( word wall)

## July

Storytime, speaking simple writings, story telling, picture talk write diary using simple words.

## August

Story time : provide simple story books.
Show and tell : Let children bring an object and describe it in simple words.

**September**

Picture description : describe in words and then in letters.

**October**

Role play : act out simple scenes ( Going to school, buying vegitables )

Continuation of other activities

**November**

Reading pracice : using word wall, short stories based on the level of children.

Conversation: give more opportunities to talk in english

Mid-year review, parent-teacher meet

**December**

English fest : including all activities

Games

**January**

Publishing english magazine

Continuation of all activities

**February**

Final assessment preparations

**March** :

Annual evaluation, Present children's English skills to the English Blossoms

(Highlights growth and learning in a child-friendly way.)

N.M.A.L.P. SCHOOL - K.PURAM

# P.R.G - Academic Master Plan

ആമുഖം ഒരു സ്കൂളിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും സ്കൂളിലെ അധ്യാപകരെ പിന്തുണയ്ക്കുന്നതിന് രക്ഷിതാക്കളുടെ കൂട്ടായ്മയ്ക്ക് ഒരു പരിധിവരെ സഹായിക്കാൻ കഴിയും. രക്ഷിതാക്കളുടെ ഈ ഇടപെടൽ ഓരോ പ്രവർത്തനത്തിന്റെയും സുഗമമായ നടത്തിപ്പിന് പ്രയോജനകരമാണ്. ഓരോ ക്ലാസിലെയും ഒരു നിശ്ചിത എണ്ണം രക്ഷിതാക്കളെ ഉൾപ്പെടുത്തി പി ആർ ജി ഗ്രൂപ്പ് ജൂൺ മാസത്തിൽ തന്നെ രൂപീകരിക്കും. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പി ആർ ജി ഗ്രൂപ്പ് ചെയ്ത പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കുട്ടികൾക്ക് വേണ്ട നൂറോളം വായനാ കാർഡ് നിർമ്മിച്ചും കുഞ്ഞുപുസ്തകങ്ങൾ തയ്യാറാക്കിയും ഇവരുടെ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. 2025 -26 അധ്യയന വർഷത്തിൽ ഇവരുടെ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികൾക്ക് വേണ്ടി മികച്ച ഉൽപ്പന്നങ്ങൾ തയ്യാറാക്കാം.

## ജൂൺ

Prg ഗ്രൂപ്പ് രൂപീകരണം

Tlm വർക്ക് ഷോപ്പ്

Lss ചോദ്യങ്ങൾ രൂപീകരണം

## ജൂലൈ

കൈത്താങ്ങ് പ്രവർത്തനം

Lss ചോദ്യങ്ങൾ രൂപീകരണം

## ഓഗസ്റ്റ്

കൈത്തൊഴിൽ പരിശീലനം (ഗ്രൂപ്പ് അംഗങ്ങൾക്ക് )

രക്ഷിതാക്കൾക്ക് കൈതൊഴിൽ പരിശീലനം(prg ഗ്രൂപ്പിന്റെനേതൃത്വത്തിൽ )

Lss ചോദ്യങ്ങൾ രൂപീകരണം

## സെപ്റ്റംബർ

TLM വർക്ക് ഷോപ്പ്

കൈത്താങ്ങ്

Lss ചോദ്യങ്ങൾ രൂപീകരണം

## ഒക്ടോബർ

കൈത്താങ്ങ്

Lss ചോദ്യങ്ങൾ രൂപീകരണം

## നവംബർ

Lss ചോദ്യങ്ങൾ രൂപീകരണം

കൈത്താങ്ങ്

## ഡിസംബർ

കൈത്തൊഴിൽ പരിശീലനം

Lss ചോദ്യങ്ങൾ രൂപീകരണം

കൈത്താങ്ങ്

## ജനുവരി

Lss ചോദ്യങ്ങൾ രൂപീകരണം

കൈത്താങ്ങ്

## ഫെബ്രുവരി

കൈത്താങ്ങ്

# N.M.A.L.P. SCHOOL - K.PURAM

# School Magazine - Academic Master Plan

## ആമുഖം

സ്കൂൾ മാഗസിൻ ഓരോ സ്കൂൾ വർഷവും വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതക്കും അവതരണ കഴിവുകൾക്കും പ്രചോദനമാകുന്ന ഒരു സുവർണാവസരമാണ്. എഴുത്തും ചിത്രകലയും ഫോട്ടോഗ്രഫിയും മറ്റു കലാരൂപങ്ങളും ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ സഹായിക്കുന്നതാണ് മാഗസിൻ. ഇതിന്റെ വിജയകരമായ ആസൂത്രണത്തിന് ഒരുമിച്ചുള്ള ശ്രമവും ഉറച്ച പദ്ധതിയും നിർണായകമാണ്.3 ഘട്ടങ്ങളിലായി മാഗസിൻ തയ്യാറാക്കാം  ഒന്നാം പാദവാർഷിക പരീക്ഷയ്ക്കു ശേഷവും, രണ്ടാം പാദവാർഷിക പരീക്ഷയ്ക്ക് ശേഷവും. അത് കയ്യെഴുത്ത് മാസികയായി തയ്യാറാക്കിയതിനുശേഷം മികച്ചവർ എല്ലാം തിരഞ്ഞെടുത്ത് സ്കൂൾ വാർഷികത്തിന്റെ അന്ന് മികച്ച ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു

## ലക്ഷ്യം

*വിദ്യാർത്ഥികളുടെ കലാസാധ്യതകൾക്കും സാഹിത്യശേഷിക്കും പ്രചോദനമാകുക.

*സ്കൂളിന്റെ നേട്ടങ്ങളും പരിപാടികളും രേഖപ്പെടുത്തുക.

*സ്കൂൾ സമൂഹത്തിൽ ആകമാനമായ പങ്കാളിത്തം ഉറപ്പാക്കുക.

*ഉന്നത നിലവാരത്തിലുള്ള മാഗസിൻ തയ്യാറാക്കുക.

*കുട്ടികളുടെ സർഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുക

ഓഗസ്റ്റ്

ഡിസംബർ

മാർച്ച്

## മാഗസിൻ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ

മാഗസിൻ കമ്മിറ്റി രൂപീകരിക്കുക

അധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സമിതി.

( പ്രധാന അധ്യാപകൻ, അധ്യാപകർ, വിദ്യാർത്ഥികൾ)

വിഭാഗങ്ങൾ നിശ്ചയിക്കുക

കവിത
കഥ
ലേഖനം
കാർട്ടൂൺ
ചിത്രരചന
ഫോട്ടോഗ്രഫി
സ്കൂൾ വാർത്തകൾ
വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികളെ പ്രതിനിധികളായി നിയമിക്കുക.
ലേഖനങ്ങൾ പരിശോധിക്കുകയും തിരുത്തുകയും ചെയ്യുക

ഭാഷാശുദ്ധിയും ഉള്ളടക്ക നിലവാരവും പരിശോധിച്ച് തിരുത്തുക.

പ്രസിദ്ധീകരണയോഗ്യമായ വിധത്തിൽ ആക്കുക.

രൂപകല്പന (Design/Layout)
കവർ പേജ് ഡിസൈൻ
അകത്തള പേജുകളുടെ ക്രമീകരണം
ചിത്രങ്ങൾ ഉൾപ്പെടുത്തൽ
ഗ്രാഫിക് ഡിസൈനിംഗും ഡിജിറ്റൽ പേജ് നിർമ്മാണവും

അച്ചടിക്കൽ / പ്രസിദ്ധീകരണം

ഡിജിറ്റൽ രൂപത്തിലോ പ്രിന്റ് പതിപ്പിലോ തയ്യാറാക്കുക.

പ്രകാശനം / റിലീസ് പ്രോഗ്രാംസ്കൂൾ വാർഷിക ആഘോഷത്തിൽ അല്ലെങ്കിൽ പ്രത്യേക ചടങ്ങിൽ പ്രകാശനം ചെയ്യുക.

# N.M.A.L.P. SCHOOL - K.PURAM

# Mega Quiz - Academic Master Plan

ഇന്നത്തെ മത്സരം നിറഞ്ഞ കാലഘട്ടത്തിൽ പൊതു വിജ്ഞാനത്തിൽ അറിവ് ആർജിക്കേണ്ടത് അനിവാര്യമായ കാര്യമാണ്.

കുട്ടികളുടെയും, രക്ഷിതാക്കളുടെയും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും. LSS, NAS തുടങ്ങിയ മത്സരപരീക്ഷകളിൽ വിജയിക്കുന്നതിനും വേണ്ടിയാണ് മെഗാ ക്വിസ് ലക്ഷ്യം വെക്കുന്നത്.

ഓരോ ദിവസവും അഞ്ച് ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും കുട്ടികൾക്ക് പഠിക്കാൻ വേണ്ടി നൽകുന്നു. തിങ്കൾ മുതൽ വെള്ളിവരെ വ്യത്യസ്ത ക്ലാസിലുള്ള ടീച്ചർമാർക്ക് അതിനുള്ള ചുമതല നൽകുന്നു. മാസാവസാനം ക്ലാസ്സ് തലത്തിൽ ക്വിസ് മത്സരം നടത്തുകയും. ഓരോ ടേമിലും സ്കൂൾതല ക്വിസ് മത്സരം നടത്തുകയും. വർഷാവസാനം ഇതുവരെയുള്ള എല്ലാ ചോദ്യങ്ങളെയും ആസ്പദമാക്കി മെഗാ ക്വിസ് കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി നടത്തുന്നു..

# N.M.A.L.P.SCHOOL – K.PURAM

## Academic Master Plan – സ്കൂൾ ആകാശവാണി

"സ്കൂൾ ആകാശവാണി" യുടെ ഉദ്ദേശ്യം റേഡിയോയിലൂടെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഉള്ളടക്കം നൽകുക എന്നതാണ്. ക്ലാസ്റൂം പഠനത്തിന് അനുബന്ധമായി, വിദ്യാഭ്യാസം ആക്സസ് ചെയ്യാവുന്നതും ആകർഷകമാക്കുന്നതും ഇത് ലക്ഷ്യമിടുന്നു. സ്കൂൾ ആകാശവാണി പ്രോഗ്രാമുകളിൽ വിവിധ പ്രായക്കാർക്കും വിഷയങ്ങൾക്കും അനുയോജ്യമായ വിവിധ വിദ്യാഭ്യാസ വിഷയങ്ങൾ അവതരിപ്പിക്കുന്നു. കൂടുതൽ വിവരങ്ങളും ഉൾക്കാഴ്ചകളും പ്രവർത്തനങ്ങളും നൽകിക്കൊണ്ട് സ്കൂളുകളിൽ പഠിപ്പിക്കുന്ന പാഠ്യപദ്ധതിക്ക് പൂരകമാകുന്ന തരത്തിലാണ് റേഡിയോ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസ പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നതിലൂടെ, സ്കൂൾ ആകാശവാണി വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ച് വിദൂര പ്രദേശങ്ങളിലുള്ളവർക്ക് അല്ലെങ്കിൽ പരമ്പരാഗത പഠന വിഭവങ്ങളിലേക്ക് പരിമിതമായ പ്രവേശനം സാധ്യമാക്കുന്നു. പഠന താൽപ്പര്യം ഉത്തേജിപ്പിക്കുന്നതിന് ഓഡിയോ ഫോർമാറ്റുകൾ, സ്റ്റോറികൾ, സംഗീതം, ചർച്ചകൾ എന്നിവ ഉപയോഗിച്ച് ഇടപഴകുന്നതും സംവേദനാത്മകവുമായ രീതിയിലാണ് പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### ഘട്ടം 1

20/6/2025 ന് ഉദ്ഘാടനം

### ഘട്ടം 2

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 1.45 മുതൽ 2.15 വരെ സ്കൂൾ ആകാശവാണി ഓരോ ക്ലാസ്സ് നടത്തേണ്ടതാണ്.

- 1st Friday - 4
- 2nd Friday - 3
- 3rd Friday - 2
- 4th Friday - 1

- ഓരോ ക്ലാസ്സിന്റെയും ചുമതല അതത് ക്ലാസ് ടീച്ചർക്കാണ്.

- കഥ
- പാട്ട്/കവിത
- പ്രസംഗം
- മിമിക്രി
- മോണോ ആക്ട്
- ഞാൻ പോയ യാത്ര
- ഞാൻ കണ്ട കാഴ്ചകൾ
- ഞാൻ കണ്ട സിനിമ

മുകളിൽ കൊടുത്ത ലിസ്റ്റിലെ ഏതെങ്കിലും 5 പ്രവർത്തനങ്ങൾ ഓരോ ക്ലാസും നിശ്ചിത ആഴ്ചയിൽ ചെയ്യേണ്ടതാണ്.

1. പത്രവായന
2. ഒരു കഥ ഒരു ദിവസം

- ഈ പ്രവർത്തനങ്ങൾ എല്ലാ ആകാശവാണിയിലൂടെ സംപ്രേഷണം ചെയ്യുന്നതാണ്.

# N.M.A.L.P. SCHOOL - K.PURAM

# കൈത്താങ്ങ് - Academic Master Plan

## ആമുഖം

പഠനത്തിൽ പിന്നോക്കമായി വരുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരാൻ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്ത പദ്ധതി ആണ് കൈത്താങ്. ഓരോ കുട്ടിയുടെയും വ്യത്യസ്ത പഠനശൈലിയും ബൗദ്ധികവും മാനസികവുമായ കഴിവുകളും പരിഗണിച്ച് വ്യക്തിഗത പിന്തുണ നൽകുന്ന പരിപാടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികൾക്കുള്ള രുചിയെയും അനുഭവങ്ങളെയും മുൻനിർത്തി സജീവ പഠനമേഖലകൾ ഉണ്ടാക്കുന്നതിലൂടെ ആത്മവിശ്വാസം ഉയർത്തുകയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുകയാണ് പ്രധാന ലക്ഷ്യം.

2025-26 അധ്യയന വർഷത്തിൽ ജൂൺ ആദ്യവാരം മുതൽ രണ്ടാം ക്ലാസ് മുതലുള്ള കുട്ടികൾക്കായി പ്രീ ടെസ്റ്റ് നടത്തി അതിൽ നിന്നും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകിവരുകയും ഫെബ്രുവരി മാർച്ച് മാസം ആകുമ്പോഴേക്കും കുട്ടികളെ പഠനത്തിൽ മുൻനിരയിൽ എത്തിക്കാനുള്ള ശ്രമമാണ് കൈത്താങ്ങ് പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്

## ലക്ഷ്യങ്ങൾ

പഠനപശ്ചാത്തലത്തിൽ പിന്നോക്കമായി വരുന്ന  വിദ്യാർത്ഥികളെ തിരിച്ചറിയൽ വഴി ലക്ഷ്യമിടൽ.

ഓരോ കുട്ടിയുടെയും പഠനക്ഷമതയനുസരിച്ച് വ്യക്തിഗത പിന്തുണാ പദ്ധതി രൂപീകരിക്കൽ.

പഠനത്തിൽ അവരുടെ താല്പര്യവും ആകർഷണവും വർദ്ധിപ്പിക്കാൻ ആവിഷ്കാരപൂർണമായ പഠനസാധനങ്ങൾ ഉപയോഗിക്കൽ.

രക്ഷിതാക്കളെയും ,സമൂഹത്തെയും പദ്ധതിയിൽ സജീവമായി പങ്കെടുപ്പിക്കൽ.

## പ്രധാന പ്രവർത്തനങ്ങൾ

1)സ്കൂൾ തലത്തിൽ പഠനശേഷി വിലയിരുത്തൽ നടത്തുക(pretest)

2)ഓരോ കുട്ടിയുടെയും നിലവാരത്തെ അനുസരിച്ച പ്രത്യേക പഠന പദ്ധതികൾ രൂപീകരിക്കുക.

3)പുതിയ പഠനോപാധികൾ ഉൾപ്പെടുത്തി പഠനം ആകർഷകമാക്കുക.

4)പതിവായി കുട്ടികളുടെ പുരോഗതി വിലയിരുത്തുകയും നന്നായി ചെയ്യുന്നതിന് അംഗീകാരം നൽകുകയും ചെയ്യുക.

5)രക്ഷിതാക്കൾക്കായി  കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കുക.(Prg)

6)ഓരോ ക്ലാസിലെയും കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ അതായത് ക്ലാസ് ടീച്ചർ തയ്യാറാക്കുക. അതിന്റെ കൃത്യമായ മൂല്യനിർണയരേഖകളും തയ്യാറാക്കുക.

# N.M.A.L.P.SCHOOL – K.PURAM

## സ്കൂൾ ശുചിത്വവുമായി ബന്ധപ്പെട്ട ചെക്ക് ലിസ്റ്റ്

| SL NO | Things To Check | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ക്ലാസ് റൂം അടിച്ചുവാരി വൃത്തിയാക്കിയിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 2 | സ്കൂളും പരിസരവും വൃത്തിയായിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 3 | എല്ലാ കുട്ടികളും യൂണിഫോം ധരിച്ചിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 4 | നാലു മണിക്ക് ശേഷം കുട്ടികൾ ഗ്രൗണ്ടിൽ അലക്ഷ്യമായി നടക്കുന്നില്ല. | | | | | | | | | | | | | | | | | | | | |
| 5 | അച്ചടക്കത്തോടെ ആണ് കുട്ടികൾ വാഹനങ്ങളിൽ കയറുന്നത്. | | | | | | | | | | | | | | | | | | | | |
| 6 | അച്ചടക്കത്തോടെ ആണ് കുട്ടികൾ റോഡ് ക്രോസ് ചെയ്യുന്നത്. | | | | | | | | | | | | | | | | | | | | |
| 7 | വായനപുര വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 8 | പൂന്തോട്ടം വൃത്തിയായി സൂക്ഷിക്കുകയും നനയ്ക്കുകയും ചെയ്തിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 9 | ഓഫീസറും കമ്പ്യൂട്ടർ ലാബ് എന്നിവ വൃത്തിയാക്കിയിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 10 | ലാപ്പ്ടോപ്പുകൾ എല്ലാം കൃത്യതയോടെ സൂക്ഷിച്ചിട്ടുണ്ട്. | | | | | | | | | | | | | | | | | | | | |
| 11 | അടുക്കളയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. | | | | | | | | | | | | | | | | | | | | |
| 12 | ബാത്റൂം വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. | | | | | | | | | | | | | | | | | | | | |
| **Signature Of Green Protocol Officer** | | | | | | | | | | | | | | | | | | | | | |

# ക്ലാസ് റൂമിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ

| |
|---|
| 1. ക്ലാസ്റൂം എല്ലാദിവസവും രാവിലെയും ഉച്ചയ്ക്കും അടിച്ചുവാരി വൃത്തിയാക്കുക. |
| 2. Big Picture വൃത്തിയായി സൂക്ഷിക്കുക. |
| 3. ലൈബ്രറി, അലമാരവൃത്തിയായി സൂക്ഷിക്കുക. |
| 4. ബെഞ്ച്, ഡെസ്ക് എന്നിവ കൃത്യമായി ക്രമീകരിക്കുക. |
| 5. നോട്ട് ബുക്ക് പേജ് കീറി അലക്ഷ്യമായി ക്ലാസിൽ ഇടരുത്. |
| 6. പെൻസിൽ കൂർപ്പിച്ച് വേസ്റ്റ് ബോക്സിൽ മാത്രം ഇടുക. |
| 7. എല്ലാദിവസവും നിർബന്ധമായും യൂണിഫോം ധരിക്കുക. |
| 8. എല്ലാ ദിവസവും വൈകുന്നേരം ഗ്രൂപ്പ് ലീഡർ വേസ്റ്റ് ബോക്സ് വൃത്തിയായി സൂക്ഷിക്കണം. |
| 9. പ്രാർത്ഥനയുടെയും , ദേശീയ ഗാനത്തിന്റെയും സമയത്ത് നിശബ്ദത പാലിക്കുക. |
| 10. വിഷയാടിസ്ഥാനത്തിൽ ഉള്ള ബുക്കുകൾ, ബാഗ്, വാട്ടർ ബോട്ടിൽ എന്നിവ എല്ലാ ദിവസവും കൊണ്ടുവരുന്നുണ്ട്, യഥാസ്ഥാനത്ത് വെക്കുന്നുണ്ട്. |

# Clean Student Clean Campus

## ആമുഖം

ദൈവത്തിന്റെ സ്വന്തം നാട് ദിനംപ്രതി മാലിന്യക്കൂമ്പാരമായി കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് പ്രകൃതിസുന്ദരമായ വിഭവങ്ങൾ കൊണ്ട് നിറഞ്ഞിരുന്ന നമ്മുടെ നാടിന്റെ ദുരവസ്ഥയാണിത്. തീർച്ചയായും നാം മാറേണ്ടതല്ലേ...

ശുചിത്വം എന്നാൽ വ്യക്തികൾ, പരിസരം, ഉപയോഗിക്കുന്ന മറ്റു വസ്തുക്കൾ എല്ലാം വൃത്തിയുള്ളതാകണം എന്നതാണ്. പകർച്ചവ്യാധികളെ തടയാൻ ശുചിത്വത്തിലൂടെ കഴിയും. ചെറിയ പ്രായം മുതൽ തന്നെ കുട്ടികളിൽ ശുചിത്വബോധം വളർത്തിയെടുക്കേണ്ടതുണ്ട്. വികസിത രാജ്യങ്ങളുടെ ഏറ്റവും വലിയ പ്രത്യേകതയും മാലിന്യമുക്തമായ സ്ഥലങ്ങളാണ്. ഉറവിടനിർമാർജനം മുതൽ use and throw ശീലങ്ങൾ വരെ മാറ്റിയെടുത്ത്, വൃത്തിയുള്ള പുതുതലമുറ വളർന്നുവരണം. അത്യന്താപേക്ഷിതമായ ഈ മാറ്റത്തിന് ഞങ്ങൾ തുടക്കം കുറിച്ചു കഴിഞ്ഞു.

## ലക്ഷ്യം

വ്യക്തി ശുചിത്വം, സ്കൂൾ- ക്ലാസ് ശുചിത്വം, പരിസര ശുചിത്വം ഇവ മൂന്നും ഒരുമിച്ചു കൊണ്ടു പോകേണ്ടതുണ്ട്. മാലിന്യം എന്നൊന്നില്ല ഓരോ വസ്തുവും യഥാസ്ഥാനത്ത് വയ്ക്കുമ്പോൾ അത് ഉപയോഗപ്രദമാകും അല്ലെങ്കിൽ ഉപയോഗശൂന്യമായ മാലിന്യമാകും എന്ന സത്യം കുട്ടികളിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. വ്യക്തി ശുചിത്വത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങളിലൂടെയാണ് തുടക്കം ആവേണ്ടത്. വേസ്റ്റ് ബിന്നുകൾ തന്നെ ഒഴിവാക്കപ്പെടേണ്ട ഒരു സാഹചര്യത്തിലേക്ക് മാലിന്യമുക്തമായി സ്കൂൾ മാറേണ്ടതാണ്. ഇങ്ങനെയുള്ള ചുറ്റുപാടിൽ നിന്ന് വളർന്നുവരുന്ന കുട്ടി തീർച്ചയായും തന്റെ വീടും പരിസരവും പൊതുസ്ഥലവും ശുചിത്വബോധത്തിൽ ഊന്നിയേ പ്രവർത്തിക്കൂ....

# Clean Student

## ആമുഖം

നാളെയുടെ നല്ല പൗരന്മാരാകാൻ വ്യക്തമായ കാഴ്ചപ്പാടുകളോടെ വ്യക്തി ശുചിത്വം ഉള്ളവരായി നയിക്കേണ്ടത്  അത്യാവശ്യമാണ്.ആ ശുചിത്വബോധം അവരിലേക്ക് എത്തിക്കാൻ വ്യക്തമായ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വ്യക്തി ശുചിത്വത്തിന്റെ ഗൗരവം അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഉതകുന്നവയാണ് ഇവയെല്ലാം. ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന് അറിയുന്നതിനായി ചെക്ക് ലിസ്റ്റുകളും മറ്റുമായി കുട്ടികൾ തന്നെയാണ് ഈ പ്രവർത്തനങ്ങൾ നയിക്കേണ്ടത്.

## പ്രവർത്തനങ്ങൾ

1) ശുചിത്വവുമായി ബന്ധപ്പെട്ട  നിർദ്ദേശങ്ങൾ അടങ്ങിയ ചാർട്ട് ഓരോ ക്ലാസിലും ( വിവിധ ഭാഗങ്ങളിൽ ഒട്ടിക്കാം )

2) വ്യക്തി ശുചിത്വ ഫോർമാറ്റ് ഓരോ കുട്ടിയുടെയും പേര് ഉൾപ്പെടുത്തിയത്. ( പ്രിന്റ് ചെയ്തു ഒട്ടിക്കാം )

3) വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്റർ ക്ലാസ് റൂമുകൾ പതിക്കുന്നു. (1,2 ക്ലാസുകൾക്ക്

4)വ്യക്തി ശുചിത്വ ഡയറി.

5) ഓരോ മാസവും Best clean സ്റ്റുഡന്റ് നെ കണ്ടെത്തുന്നു.

# Clean Campus

**ആമുഖം**

മാലിന്യമുക്ത കേരളം പദ്ധതിയുടെ ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പാക്കുന്നതിന് വേണ്ടി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണല്ലോ?. ക്ലാസ് തലത്തിൽ ആരംഭിച്ച് സ്കൂൾതലത്തിൽ വികസിപ്പിച്ച് ഘട്ടം ഘട്ടമായി വാർഡ് തലത്തിലേക്കും പിന്നീട് പഞ്ചായത്ത് തലത്തിലേക്കും വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. പദ്ധതിക്ക് മുന്നോടിയായി നമ്മുടെസ്കൂളിലും  ഹരിത കർമ്മസേന രൂപീകരിക്കുകയും ഓരോ ക്ലാസിലും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തത് ഇതിന്റെ ഭാഗമാണ്. ഭാവി തലമുറയ്ക്ക് വിനാശകരമായ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുക, പ്ലാസ്റ്റിക്കിന് ബദൽ സംവിധാനം കണ്ടെത്തുക, പുനരുപയോഗിക്കുക, ദൈനംദിന ഉപയോഗങ്ങളിൽ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുകഎന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി നടപ്പാക്കുന്ന ഈ പദ്ധതി സ്കൂളിലെ ഓരോകുട്ടിയും ഭാഗവാക്കാണ്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുക, മാലിന്യത്തെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, ജൈവ അജൈവ മാലിന്യങ്ങൾ  തരംതിരിക്കുക, പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിപത്തിനെ കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക. മാലിന്യ സംസ്കരണത്തിന് വേണ്ടി കർമ്മപദ്ധതികൾക്ക് രൂപം നൽകുക തുടങ്ങിയ ശാക്തീകരണ പരിപാടികളാണ് വരും ദിനങ്ങളിൽ നടക്കുക. ആദ്യപടിയായി ക്ലാസ് പിടിഎ വിളിച്ചുചേർത്ത് ശുചിത്വ മിഷന്റെ ഭാഗമായുള്ള സ്കൂൾ പരിപാടികൾ വിശദീകരിച്ചു കഴിഞ്ഞു. മാലിന്യ സംസ്കരണത്തിലും ബദൽ സംവിധാനം ഒരുക്കുന്നതിലും നമ്മുടെ സ്കൂൾ മുന്നേ ചെയ്ത   പ്രവർത്തനങ്ങൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ചർച്ചയായത് അനുസ്മരിക്കാതെ വയ്യ. സ്കൂൾ തനത് പ്രവർത്തനങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗിന് പകരം തുണിസഞ്ചി ഉപയോഗപ്പെടുത്തിയത് ഉദാഹരണം. ഇത്തരം ക്രിയാത്മക കാൽവെപ്പുകൾ

എൻ എം എ എൽപിഎസിലെ കുരുന്നുകൾ വാർഡിലും പഞ്ചായത്തിലും ശുചിത്വ മിഷൻ പദ്ധതിക്ക് ഊർജ്ജം പകരുകയും എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസക്ക്

വിധേയമാക്കുകയും ചെയ്തതാണല്ലോ?. ശുചിത്വമിഷൻ അണിയിച്ചൊരുക്കുന്ന ശുചിത്വ കേരളം സുന്ദര കേരളം പദ്ധതിയുടെ ഭാവി പ്രയാണലേക്കുള്ള ചൂണ്ടുപലകയാണ് വരും താളുകൾ ഓരോന്നും......!!!

## ശുചിത്വം ചുമതലകൾ

1) Office Room Cleaning - **Suneera Teacher**

2) Computer Room Cleaning - **Renjith Sir**

3) kitchen Cleaning - **Usha Teacher**

4) Bathroom Cleaning - **Remya Teacher**

5) Gardening - **Akhila Teacher**

6) ഹരിതകർമ്മ സേന - **Meghana Teacher**

7) Weekly അവലോകനയോഗം - **Bindu Teacher**

8) School Ground

9) Class Room

10) Waist Box

11) വായനപ്പുര

12) ശലഭോദ്യാനം

# ഗ്രീൻ ആർമി അംഗങ്ങൾ

## S.T.D - 4 A

1. ഫാത്തിമ റുഷ്ദ
2. ഹാദിനൂർ
3. അഷ്മിൽ ഷാൻ
4. മിസ്ഹബ്
5.ഫാത്തിമ ഫഹ്മിദ

## S.T.D 4- B

1. ഷാദിൽ
2.സന ഫാത്തിമ
3.മിൻഹജ്
4.ഷഹാൻ
5.ഹാദിയ

## S.T.D 3A

1.മുഹമ്മദ് മുൻസിഫ് ഷാ
2.അഫ്ര ഫാത്തിമ
3.അദ്രിനാഥ്
4.നിഷാം സാദത്ത്
5.റിദ ഫാത്തിമ

## S.T.D 3 B

1.സയാൻ അൻവർ
2.ഹൃദു നന്ദ

3.സാൻവിക

4. വേദിക

5.ഫാത്തിമ സൻഹ

## S.T.D 2 A

1. അൽ അമീൻ

2. സിദ്ധാർഥ്

3. മുഹമ്മദ് അസീം

4. മുഹമ്മദ് ഇസാൻ

5. റസൽ റഹ്മാൻ

## S.T.D 2:B

1. ഇർഫാൻ

2.മിഥുലാജ്

3.അൻസീൽ

4. ശ്രീബാല

5.ഹൃദ്യ

## S.T.D 1:A

1. അലൻ

2. വേദിക

3.അസ്സ ഫാത്തിമ

4. സന ഫാത്തിമ

5. മുഹമ്മദ് അയാസ്

## S.T.D 1:B

1. അഹമ്മദ് സബാഹ്

2. മുഹമ്മദ് ആഷിഖ്

3. അനയ

4. വേദ

5. മുഹമ്മദ് റിസ്‌വാൻ

**16-10-23**

ഇന്ന് ഗ്രീൻ ആർമി അംഗങ്ങളുടെ മീറ്റിംഗ് നടന്നു. എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. ഫാത്തിമ റുഷ്ദയ്ക്ക് മൊത്തത്തിലുള്ള ചുമതല നൽകി.എല്ലാ അംഗങ്ങളോടും കാര്യങ്ങൾ വിശദീകരിച്ചു. ഓരോരുത്തർക്കുമുള്ള ചുമതലകൾ വിശദീകരിച്ചു. ചെക്കലിസ്റ്റ് നൽകാനും തീരുമാനിച്ചു. ആദ്യത്തെ ദിവസം try out പോലെ നടത്താനും തീരുമാനിച്ചു.

## എക്സിക്യൂട്ടീവ് അംഗങ്ങളും അവരുടെ ചുമതലകളും

1) Office Room Cleaning - ഫാത്തിമ ഫഹ്മിദ

2) Computer Room Cleaning - ഷഹാൻ

3) kitchen Cleaning - റിദ ഫാത്തിമ

4) Bathroom Cleaning - അഷ്മിൽ ഷാൻ

5) Gardening - ഫാത്തിമ സൻഹ

6) ഹരിതകർമ്മ സേന - ഫാത്തിമ റുഷ്ദ

7) School Ground - നിഷാം സാദത്

8) Class Rooms - സയാൻ അൻവർ

9)കോണിപ്പടി -അഫ്ര ഫാത്തിമ

10)waste box വെക്കുന്ന സ്ഥലം -നാദിർ

# Activity Calender

**ജൂൺ**

സ്റ്റുഡന്റ് പോലീസിനെ സജ്ജരാക്കുക.

ഓരോ ക്ലാസിലും വേസ്റ്റ് നിക്ഷേപിക്കുന്നതിനുള്ള വേസ്റ്റ് ബാസ്കറ്റ്.

എല്ലാ ക്ലാസ്സ് റൂമിലും ശുചിത്വത്തെക്കുറിച്ചും അച്ചടക്കത്തെക്കുറിച്ചും ഉള്ള പോസ്റ്റർ.

**ജൂലൈ**

എല്ലാവരും ഫുൾ യൂണിഫോം ധരിച്ചുവരൽ.

രക്ഷിതാക്കൾക്ക് അച്ചടക്കത്തെ കുറിച്ചും ശുചിത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണ

**ആഗസ്റ്റ്**

പൊതുശുചീകരണം

കുട്ടികൾക്കുള്ള ബോധവൽക്കരണ ക്ലാസ് (Police )

**സെപ്തംബർ**

ഓണാഘോഷത്തോടനുബന്ധിച്ച് സ്കൂളും പരിസരവും ശുചീകരണം.

**ഒക്ടോബർ**

പ്രീ പ്രൈമറി രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്

**നവംബർ**

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ആശയത്തിലേക്ക് കുട്ടികളെ എത്തിക്കുന്നു.

ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിൽ കുറച്ചു കുട്ടികളെ സജ്ജരാക്കുന്നു

**ഡിസംബർ**

അച്ചടക്ക വിടവുകൾ കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുന്നു.

**<u>ജനുവരി</u>**

**പുതു വർഷത്തിൽ പുതുപ്രതിജ്ഞ.**

**<u>ഫെബ്രുവരി</u>**

**പഠനോപകരണങ്ങൾ** (Text, Note, exc....)**ശരിയായ രീതിയിൽ സംരക്ഷിക്കുവാനും അതിൽ വരുന്ന കുറവുകൾ ചൂണ്ടിക്കാണിച്ചു അതിന്റെ കുറവുകൾ നികത്താൻ അധ്യാപകർ കുട്ടിക്ക് നിർദ്ദേശം നൽകണം.**

# N.M.A.L.P.SCHOOL – K.PURAM

## Academic Master Plan – Less Plastic More Life

**ആമുഖം**

2023 ലെ പരിസ്ഥിതി ദിനത്തിലെ മുദ്രാവാക്യം "പ്ലാസ്റ്റിക് മലിനീകരണം തടയുക " എന്നതാണ്. ഭൂമിയിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കുന്നുകൂടുന്നതുമൂലം വന്യജീവികൾ, പക്ഷികൾ അവയുടെ വാസസ്ഥലങ്ങൾ മനുഷ്യർ കടൽ ജീവികൾ എന്നിവയെ ഗുരുതരമായി ബാധിക്കുന്നതിനെയാണ് പ്ലാസ്റ്റിക് മലിനീകരണം എന്നു പറയുന്നത്. മനുഷ്യനാണ് പ്ലാസ്റ്റിക്ക് ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതും.നമ്മൾ മനുഷ്യർ പ്ലാസ്റ്റിക് ഉപയോഗം കുറച്ചു കൊണ്ടുവരേണ്ടതുണ്ട് എന്ന് ഈ ദിവസം പ്രധാനമായും നമ്മളെ ഓർമ്മിപ്പിക്കുന്നു.

പ്ലാസ്റ്റിക് മലിനീകരണം പ്രകൃതിയിലെ ആവാസവ്യവസ്ഥയെ ഇല്ലാതാക്കും. ആരോഗ്യകരമായ ആവാസവ്യവസ്ഥയ്ക്ക് മഹാവ്യാധികളെ ചെറുത്തു നിർത്താൻ കഴിയും. കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ആവാസവ്യവസ്ഥയുടെ സ്വാഭാവികത നിലനിർത്താൻ കഴിയൂ... പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കാൻ ഒത്തൊരുമിക്കാം... കൈകോർക്കാം... പരിസ്ഥിതിയെ പുനഃസ്ഥാപിക്കാം...

**ലക്ഷ്യം**

സ്കൂളിൽ നിന്ന് പ്ലാസ്റ്റിക് തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'Less Plastic More Life' - 2023-2024 അധ്യയന വർഷത്തിൽ മികച്ച രീതിയിലുള്ള മാറ്റമാണ് ഈ പദ്ധതിയിലൂടെ സ്കൂളിൽ ഉണ്ടായത്. അതുകൊണ്ടുതന്നെ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിലേക്ക് വ്യാപിപ്പിക്കുവാനും അതുവഴി പ്ലാസ്റ്റിക് എന്ന മഹാവിപത്തിനെ കുറിച്ച് കുട്ടികളിലൂടെ രക്ഷിതാക്കളും അതുവഴി പൊതുസമൂഹത്തിലേക്കും പ്രവർത്തനങ്ങൾ നടപ്പിക്കാനാണ് പദ്ധതി കൊണ്ടു ഉദ്ദേശിക്കുന്നത്.

**June**

*അസംബ്ലി (സ്കൂൾ പ്ലാസ്റ്റിക് വിമുക്തമാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു)

* കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സ്

*കുട്ടികളുടെ വീഡിയോ ( പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം )

*കുട്ടികളുടെ ജന്മദിനത്തിന് മിഠായികൾ കൊണ്ടുവരുന്നത് പൂർണമായും ഒഴിവാക്കി പകരം ചെടികൾ, പച്ചക്കറി തൈകൾ, ക്ലാസ് ലൈബ്രറിയിലേക്ക് ഒരു ബുക്ക് എന്ന രീതിയിൽ മാറ്റിഎടുക്കുന്നു.

## July

*പൊതുസ്ഥലം വൃത്തിയാക്കൽ

*സംഘാടകസമിതി രൂപീകരണം

* രക്ഷിതാക്കൾക്കും പൊതുജനത്തിനും, പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണ ക്ലാസ്

*കുട്ടികളുടെ വീഡിയോ(പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം)

## August

* കോർണർ പി.ടി.എ

*പ്രചരണ പരിപാടികൾ

*വീഡിയോ

## September

*സ്കൂളിലെ എല്ലാ കുട്ടികൾക്കും തുണിസഞ്ചി വിതരണം

## October

* പൊതു സമൂഹത്തിനു മുൻപാകെ പാവനാടകം

## November

*പഞ്ചായത്ത് തലത്തിൽ പരിശോധന കർശനമാക്കാനായി കുട്ടികൾ നിവേദനം തയ്യാറാക്കുന്നു.

## December

* പ്ലാസ്റ്റിക്കിനെതിരെ കുട്ടികൾ തയ്യാറാക്കുന്ന ഷോർട്ട് ഫിലിം

## January

* പേപ്പർ പേന നിർമ്മാണം

## February

*ക്യാരി ബാഗ് നിർമ്മാണം

## March

* വിലയിരുത്തൽ

# N.M.A.L.P. SCHOOL - K.PURAM

# Std.1- Academic Master Plan

## ആമുഖം

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം നേടിയെടുക്കേണ്ടതായുണ്ട് എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ആണ് ലക്ഷ്യമിടുന്നത്. പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ് ഒന്നാം ക്ലാസ്സിൽ ലക്ഷ്യമിടുന്നത്.

## കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ ( ....ഡിവിഷനിൽ)....... കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ........പേരാണ്. അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളുടെ മക്കൾ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി ............. കുട്ടികളുണ്ട്. ഗോത്രവിഭാഗത്തിൽപ്പെട്ടവർ.....

പ്രവേശനപ്രായത്തിൻ്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസായ..... കുട്ടികളും ആറ് വയസ്സായ ......... കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

## നേട്ടങ്ങൾ

പുതിയ പാഠപുസ്തകത്തിലൂടെ നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം , വായനോത്സവം, പാട്ടരങ്ങ് എന്നി പ്രവർത്തനങ്ങൾ ഒന്നാം ക്ലാസിലെ കുരുന്നുകളെ മികച്ച വായനക്കാരും, എഴുത്തുകാരും ആക്കാൻ കഴിഞ്ഞത് വളരെ വലിയ ഒരു നേട്ടമാണ്.

## ലക്ഷ്യങ്ങൾ

1)ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. ( മലയാള മധുരം )

2) പാട്ടുമായി ബന്ധപ്പെട്ട പഠന ലക്ഷ്യങ്ങൾ ഭാഷാ വികാസം മേഖലയിലും സർഗാത്മക സൗന്ദര്യാത്മക മേഖലയിലും ഉണ്ട് അവ നേടുക എന്നതാണ് പാട്ട രങ്ങിന്റെ ലക്ഷ്യം. ( പാട്ടരങ്ങ്)

3)ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തൻ്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

4)ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക

5)ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

6)ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

7)ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

8)ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.

9)ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

10)ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ

അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

11)ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക

12)തന്റെ ചുറ്റുപാടിനെയും നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിലും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

13)കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പുവരുത്തുക.

14)Children get more chances to hear, write, read and comprehend. They can draw pictures based on the given concepts

## ജൂൺ

CPTA

വിദ്യാപ്രവേശ്

പറവ പാറി

വരമേളം

Honk..Honk Toot...Toot...

വായനോത്സവം

ക്ലാസ്സ് ഒരു വായന കൂട്

വീട് ഒരു പുസ്തക കൂട്

## ജൂലൈ

സംയുക്ത ഡയറി

പൂവ് ചിരിച്ചു

# N.M.A.L.P.SCHOOL – K.PURAM

## Academic Master Plan – English [ STD.2 ]

**Aim** . : To speak, Read, & write English without any mistakes

**Time** - June to march

**PRETEST**

To check the vocabulary and writing skills of pupils.

**June and July**

-To develop listening skills & reading skills

**Listening skills**

1-Games, Action songs Hello English activities
,2 -conversations, skit stories
Use ICT

**Speaking skills**

1-Identify the naming words from the picture.
2-Identify the action words from the same pictures
3-Make simple sentences using the action word and naming words about the picture
3-Make symbol description about the picture.
4- Growing sentences , picture reading, self introduction Assembly are also conducted

**ACTIVITIES**

Speech , book review, quiz, riddles, self introduction, School radio etc

**August and September**

Develop the creative speaking and writing

**Reading skills**

1-News paper reading, library books reading, book review, reading breaking news,
2-find words.

3-collect and read past tense,
4-rhyming words,
5-describing words etc
6-Textbook activities

## Writing skills

1-Make word web,
2-picture description with describing words,
3-word chain sentence chain,
4-make words,& sentences
5-make riddles, conversations,
4-Add more lines ,

ACTIVITIES - speech , book review, quiz riddles,self introduction. School radio ,makes description magazines etc

## October and November

To express thoughts feelings etc

## Reading skill

1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Read notice

## Writing skills

1-description ,
2-notice proclamation,
3-Thought
ACTIVITIES - speech quiz riddles,. School radio ,makes magazines, skits etc

## December and January

1-Develop the creative speaking and writing
2-To express thoughts feelings etc

## Reading skill

1-News paper reading, library books reading, book review, reading
2 -conversations, skit  stories use ICT materials
3-Reads breaking news,
4--develop story,
5-Reads diary
6-Reads letters from friends

## Writing  skills

1-diary
2-letter
3-Announcement,

ACTIVITIES - speech    quiz riddles,. School radio ,makes magazines, skits ,class room post office etc
February and march

To improve the presentation power


## Reading skill

1-News paper reading, library books reading, book review, reading
2 -conversations, skit  stories use ICT materials
3-Reads breaking news,
4--develop story,
5-Reads diary
6-Reads letters from friends


## Writing  skills

1-diary
2-letter
3-Announcement
4--description ,
5-notice proclamation,
6-Thought

ACTIVITIES - speech quiz riddles,. School radio ,makes magazines, skits ,class room post office ,Exibitionetc

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

# N.M.A.L.P.SCHOOL – K.PURAM

## Academic Master Plan – Maths [ STD.2 ]

### പ്രവർത്തന ലക്ഷ്യങ്ങൾ

200 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം,

വ്യവകലനം, പ്രശ്നപഗ്രഥനം ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധം ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കൽ.

ഗണിത ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പാക്കൽ.

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എഴുതുന്നു എണ്ണുന്നു( നൂറിൽ താഴെ)

പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.

### ജൂൺ

* പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തുന്നു.

* ഒരു സംഖ്യയോടു ഒന്നു കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്നു കുറച്ചാൽ തൊട്ടു മുൻപേയുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കുന്നു.

### ജൂലൈ

* ഒരുകൂട്ടം വസ്തുക്കളും അടുത്ത വസ്തുക്കളും തമ്മിൽ ചേർത്ത് ആദ്യ കൂട്ടത്തിന്റെ എണ്ണം

തുടർച്ചയായി എണ്ണി ആകെ എണ്ണം പറയുന്നതിന്.

* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കുന്നു.

## ഓഗസ്റ്റ്

* വിവിധ പാറ്റേണുകൾ കണ്ടെത്തുന്നു.

* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.

## സെപ്റ്റംബർ

* ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നങ്ങൾക്ക് ഉത്തരംകണ്ടെത്തുന്നു.

* വില വിവര പട്ടിക തയ്യാറാക്കൽ

## ഒക്ടോബർ

* സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

* സങ്കലന വ്യവകലന പ്രശ്നങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

* സംഖ്യ പാറ്റേണുകൾ നിർമ്മിക്കൽ

## നവംബർ

*സ്ഥാന വില തിരിച്ചറിയൽ.

* കളി നോട്ടുകൾ തയ്യാറാക്കിയ സംഖ്യ എഴുതൽ.

*നോട്ടുകളുംനാണയങ്ങളും തിരിച്ചറിഞ്ഞ് സംഖ്യ രൂപീകരിക്കൽ.

## ഡിസംബർ

* സംഖ്യാ വ്യാഖ്യാനം ഉറപ്പുവരുത്തൽ.

* സ്ഥാനവില പോക്കറ്റ്. അബാക്കസ്

* സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനവരി

* വില വിവരപ്പട്ടിക തയ്യാറാക്കി പ്രശ്നങ്ങൾ പരിഹരിച്ച് ഉത്തരം കണ്ടെത്തുന്നു.

* സങ്കലന വ്യവകലന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.

## ഫെബ്രുവരി

* ഗണിതലാപനം

* കളികളിലൂടെ ഗണിതം

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കുന്നു.

* കലണ്ടറിലെ ചുവന്ന അക്കവും കറുത്ത അക്കവും തിരിച്ചറിയുന്നു.

മാസത്തിലെ അ ക്കങ്ങളുടെ വ്യത്യാസം തിരിച്ചറിയുന്നു.

* കലണ്ടർ പാറ്റേണുകൾ രൂപീകരിക്കൽ.

* കലണ്ടർ നോക്കി അക്കങ്ങൾ താരതമ്യം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കു കളും, ഗണിത പസിലുകളും പരി ചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളി ലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

# N.M.A.L.P.SCHOOL – K.PURAM

## Academic Master Plan – Malayalam [ STD.2 ]

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

ആശയ ഗ്രഹണ വായന ഉറപ്പാക്കുന്നതിന്.

ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന്.

ചിത്രത്തെ ആസ്പദമാക്കി കഥ സംഭാഷണം എന്നിവ തയ്യാറാക്കുന്നതിന്.

ഈണം, താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് എഴുതുന്നതിന്.

### ജൂൺ

*ചിത്ര കാർഡുകൾ നൽകുന്നു.

* ഭാഷണത്തിന് ക്ലാസിൽ അവസരം നൽകുന്നു

* വായന സാമഗ്രികൾ നിർമ്മിക്കുന്നു

### ജൂലൈ

* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട എഴുത്തിന്റെയും വായനയുടെയും സാധ്യതകൾ ഉറപ്പുവരുത്തുന്നു.

* സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കൽ

* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ

### ഓഗസ്റ്റ്

* ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കൽ.

* ചിത്രവിവരണം.

* ഭാഷ വികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഒരുക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ.

* വായിച്ച കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ.

* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ തയ്യാറാക്കൽ.

* വായിച്ച കഥ രേഖാവിഷ്കാരം നടത്താൻ.

*പ്രകൃതി നടത്തം, യാത്ര വിവരണം, ഭാഷണം ലേഖനത്തിന് അവസരം ഒരുക്കൽ.

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ വാചികമായി

  അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകൽ

* പതിപ്പ് തയ്യാറാക്കൽ

* ആന-- ബന്ധപ്പെട്ട വായനാ കാർഡുകൾ തയ്യാറാക്കുന്നു

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായി സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള

അവസരം ഉണ്ടാക്കുന്നു.

* എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം ചെയ്യുന്നു.

* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മാഗസിനുകൾ തയ്യാറാക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് എഴുതുന്നതിനും പാടുന്നതിനും ഉള്ള അവസരം ഒരുക്കുന്നു.

* ലഘു വിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

* അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നു.

## ഫെബ്രുവരി

* ഭാഷണം,ലേഖനം, എഴുത്ത് എന്നീ മേഖലകളിൽ കുട്ടികളെ എത്തിക്കാൻ കഴിഞ്ഞുവെന്ന് ഉറപ്പുവരുത്തൽ.

* സ്വതന്ത്രമായുള്ള സർത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

* എല്ലാതലത്തിലും കുട്ടികളെ എത്തിക്കാൻ കഴിഞ്ഞു എന്ന് ഉറപ്പുവരുത്തൽ.

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.

